# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3786    15.12.2014-ൽ മറുപടി

**ക്രിമിനൽ കേസ്സുകളിൽ യു.എ.പി.എ. വകുപ്പ് ചുമത്തൽ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജെയിംസ് മാത്യു | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ക്രിമിനൽ കേസുകളിൽ യു.എ.പി.എ. വകുപ്പ് ചുമത്തിയിട്ടുണ്ട് ; | (എ) 69 കേസുകളിൽ |
| (ബി) യു.എ.പി.എ. വകുപ്പ് ചുമത്താൻ അധികാരമുള്ള പോലീസ് ഉദ്യോഗസ്ഥൻ ആരാണ്; ഈ വകുപ്പ് ചുമത്താൻ നിയമം അനുശാസിക്കുന്ന കാരണങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ; | (ബി) സ്റ്റേഷൻ ഹൗസ് ഓഫീസർക്കോ, കേസിന്റെ അന്വേഷണ ഉദ്യോഗസ്ഥനോ ഈ വകുപ്പ് ചുമത്തി അന്വേഷണം നടത്താവുന്നതാണ്. വ്യക്തികളുടേയും സംഘടനകളുടേയും ചില നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിലേക്കായി ഇവർക്കെതിരെ കൂടുതൽ കാര്യക്ഷമമായ നിയമ നടപടികൾ കൈക്കൊള്ളുന്നതിലേക്ക് യു.എ.പി.എ. യിലെ വകുപ്പുകൾ ചുമത്താവുന്നതാണ്. |
| (സി) രാഷ്ട്രീയ പ്രതിയോഗികൾക്കുനേരെ പ്രതികാര ബുദ്ധ്യാ ഈ നിയമം ചുമത്താൻ ഉദ്യോഗസ്ഥർ നിർബന്ധിതരാകുന്ന സാഹചര്യം നിലവിലുണ്ടെന്നത് വസ്തുതാപരമായി ശരിയാണോ ; | (സി) അല്ല. |
| (ഡി) രാഷ്ട്രീയ പകപോക്കലിന്റെ ഭാഗമായി നടന്നവെന്ന് കരുതുന്ന എത്ര കൊലപാതക ക്കേസ്സുകളിൽ 2013 ജനുവരി മുതൽ 2014 നവംബർ വരെ അന്വേഷണം സി.ബി.ഐ. യെ ഏൽപ്പിച്ചിട്ടുണ്ട് ; വ്യക്തമാക്കാമോ ? | (ഡി) ഷുക്കൂർ, ജയകൃഷ്ണൻ മാസ്റ്റർ, കതിരൂർ മനോജ് എന്നീ വധക്കേസുകളും, റ്റി. പി. ചന്ദ്രശേഖരൻ വധത്തിന് പിന്നിലെ ഗൂഢാലോചന സംബന്ധിച്ചും സി.ബി.ഐ. അന്വേഷണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. അതിൽ കതിരൂർ മനോജ് വധക്കേസ് മാത്രമാണ് അന്വേഷണത്തിനായി സി.ബി.ഐ. ഏറ്റെടുത്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ